# 18.2.2017 ൽ ചേർന്ന ഭരണപരിഷ്കാര കമ്മിഷന്റെ നാലാമത് യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം വൈകുന്നേരം 3.30 മണിക്ക് കമ്മീഷൻ ചെയർമാൻ ശ്രീ.വി.എസ്.അച്യുതാനന്ദന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. കമ്മീഷൻ അംഗങ്ങളായ ശ്രീ. സി.പി. നായർ, ശ്രീമതി നീലാ ഗംഗാധരൻ , മെമ്പർ സെക്രട്ടറി ശ്രീമതി ഷീലാ തോമസ് എന്നിവർ യോഗത്തിൽ പങ്കെടുത്തു. കമ്മീഷന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് യോഗം വിലയിരുത്തുകയുണ്ടായി. 28.01.2017 ന് ചേർന്ന പര്യാലോചനാ യോഗം ഫലപ്രദമായിരുന്നു എന്നും കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽപ്പെടുന്ന എല്ലാ കാര്യങ്ങളും ഉൾപ്പെട്ട വിഷയഗ്രൂപ്പുകളാണ് ഉണ്ടാക്കേണ്ടതെന്നും മുൻകാല കമ്മീഷനുകളുടെ ശുപാർശകൾ വിലയിരുത്തുന്നതിന് എല്ലാ വകുപ്പുകളിലേക്കും ഒരേ കത്ത് തന്നെ നൽകിയത് കൊണ്ടായില്ലെന്നും കമ്മീഷൻ പ്രാഥമികമായ വിലയിരുത്തൽ നടത്തുകയും ആ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അതാത് വകുപ്പുമേധാവികളോട് ആശയവിനിമയം നടത്തേണ്ടി വരുമെന്നും വിദ്യാഭ്യാസ മേഖലയിലെ ഗുണപരമായ മാറ്റങ്ങൾക്ക് ചാലകശക്തിയായി വർത്തിച്ച ഘടകങ്ങൾ തിരിച്ചറിയണമെന്നും പ്രസ്തുത ഘടകങ്ങളുപയോഗിച്ച് ഭാവി നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നത് എളുപ്പമായിരിക്കുമെന്നും ചെയർമാൻ ആമുഖമായി പറഞ്ഞു.

തുടർന്ന്, കമ്മീഷനു വേണ്ടി സി-ഡിറ്റ് രൂപകല്പന ചെയ്ത വെബ്സൈറ്റിന്റെ demonstration നടന്നു. ചില മാറ്റങ്ങൾ നിർദ്ദേശിക്കപ്പെട്ടു. അങ്ങനെ നിർദ്ദേശിക്കപ്പെട്ട മാറ്റങ്ങളോടെ സമഗ്രമാക്കപ്പെട്ട വെബ്സൈറ്റ് അടിയന്തിരമായി തന്നെ പ്രവർത്തനക്ഷമമാക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടു.

വേണ്ടത്ര കൂടിയാലോചനകളും കൂട്ടിച്ചേർക്കലുകളും ആവശ്യമായ ഒന്നാണ് സമീപനരേഖയെങ്കിലും മതിയായ ആശയവിനിമയം നടന്നിട്ടില്ലെന്നും ചെയർമാനും കമ്മീഷൻ അംഗങ്ങളും മറ്റുള്ളവരും മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ സമന്വയിപ്പിക്കാൻ സാധിച്ചിട്ടില്ലെന്നും ചെയർമാൻ ചൂണ്ടിക്കാട്ടി. വികേന്ദ്രീകൃതാസൂത്രണം, ഭരണസംവിധാനത്തെക്കുറിച്ച് ഇന്ന് ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന പൊതുബോധം, വെൽഫെയർ ലെജിസ്ലേഷൻ, സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഏകോപനം എന്നിവ കൂടി കൂട്ടിച്ചേർത്തു കൊണ്ട് സമീപന രേഖയുടെ ആമുഖം കുറേക്കൂടി സമഗ്രമാക്കേണ്ടതുണ്ടെന്ന് കമ്മീഷൻ പൊതുവായി വിലയിരുത്തി.

ഭരണപരിഷ്കാരം സംബന്ധിച്ചുള്ള അഭിപ്രായരൂപീകരണത്തിന് വകുപ്പുതല നിർദ്ദേശങ്ങൾക്ക് പ്രഥമ പരിഗണന നൽകേണ്ടതുണ്ടെന്നും ആവശ്യമായ ഘട്ടങ്ങളിൽ വിഷയഗ്രൂപ്പുകൾ രൂപീകരിച്ച് അഭിപ്രായസമന്വയം സാധ്യമാക്കാവുന്നതാണെന്നും യോഗം വിലയിരുത്തി. ഇത്തരത്തിൽ കമ്മീഷന്റെ രീതിശാസ്ത്രത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ട്.

ആദ്യഘട്ട റിപ്പോർട്ട് സമർപ്പിക്കുമ്പോൾ പൗരകേന്ദ്രീകൃത സേവനങ്ങൾ ( Citizen Centric Services), വിജിലൻസ് സംവിധാനം, ഉദ്യോഗസ്ഥ പരിശീലനം എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കപ്പെട്ടു. മൂന്നാം ഭരണപരിഷ്കാര കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കിയതിന്റെ ഫലപ്രാപ്തി വിലയിരുത്തുന്നതിനായി പഠനം നടത്തി റിപ്പോർട്ട് കമ്മീഷന് സമർപ്പിക്കുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD)എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടു. ഇതോടൊപ്പം ഇന്ത്യയിലും വിദേശത്തുമുള്ള അനുകരണയോഗ്യമായ മാതൃകകൾ (best practices) സംബന്ധിച്ചും കൂടി ഉള്ള നിർദ്ദേശങ്ങൾ CMD യോട് ആവശ്യപ്പെടാവുന്നതാണ്.

യോഗത്തിൽ ചുവടെ ചേർക്കുന്ന പൊതുവായ നിർദ്ദേശങ്ങളും ഉണ്ടായി.

- ഉദ്യോഗസ്ഥ പരിശീലനം സമഗ്രമാകണം
- പോലീസ്, തദ്ദേശഭരണ സ്ഥാപനം, പൊതുവിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നീ വകുപ്പുകളെക്കൂടി പ്രാധാന്യത്തോടെ പരിഗണിക്കണം
- കേരളാ അഡ്മിനിസ്റ്റേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ ഈ വിഷയത്തിൽ കമ്മീഷൻ ഇടപെടേണ്ടതില്ല.
- കമ്മീഷന്റെ പ്രവർത്തനത്തെ സഹായിക്കുന്നതിനായി ഐ.എം.ജി യിൽ നിന്നും ഒരു വിദഗ്ധന്റെ സേവനം ലഭ്യമാക്കാവുന്നതാണ്.

വിശദമായ ചർച്ചകൾക്കു ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1) നിർദ്ദേശിക്കപ്പെട്ട മാറ്റങ്ങൾ വരുത്തിക്കൊണ്ട് കമ്മീഷനു വേണ്ടിയുള്ള വെബ്സൈറ്റ് ഉടൻ തന്നെ പ്രവർത്തനക്ഷമമാക്കണം.

2) നിർദ്ദേശിക്കപ്പെട്ട മാറ്റങ്ങൾ വരുത്തി കരട് സമീപനരേഖ ഒരിക്കൽ കൂടി അംഗങ്ങൾക്കിടയിൽ ചംക്രമണം ചെയ്തു് അന്തിമമാക്കേണ്ടതാണ്.

3) കേരളാ അഡ്മിനിസ്റ്റേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ ഈ വിഷയത്തിൽ കമ്മീഷൻ ഇടപെടേണ്ടതില്ല.

4) മൂന്നാം ഭരണപരിഷ്കാര കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കിയതിന്റെ ഫലപ്രാപ്തി വിലയിരുത്തുന്നതിനായി പഠനം നടത്തി റിപ്പോർട്ട് കമ്മീഷന്

സമർപ്പിക്കുന്നതിനും, ഇന്ത്യയിലും വിദേശത്തുമുള്ള അനുകരണയോഗ്യമായ മാതൃകകൾ (best practices) സംബന്ധിച്ചും ഉള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD)നെ ചുമതലപ്പെടുത്തി.

5) കമ്മീഷന്റെ അഞ്ചാമത് യോഗം 2017 ഏപ്രിൽ 6 ന് വൈകിട്ട് 3.30 ന് കൂടുന്നതിന് തീരുമാനിച്ചു.

യോഗം വൈകുന്നേരം 5 മണിക്ക് അവസാനിച്ചു.